**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3912** **06-08-2021 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഗ്രാമീണ മേഖലകളിൽ എന്നത്തേയ്ക്ക് കുടിവെള്ള കണക്ഷനുകൾ മുഴുവനായും സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കിഫ്ബി, അമൃത്, ആർ.കെ.ഐ., നബാർഡ്, സ്റ്റേറ്റ് പ്ലാൻ, നിക്ഷേപ പ്രവൃത്തികൾ എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. നിലവിലുള്ള പദ്ധതികൾ വിപുലീകരിച്ചും പുനരുദ്ധാരണം നടത്തിയും, കാലപ്പഴക്കം ചെന്ന വിതരണ പൈപ്പുകൾ, പമ്പ്, മോട്ടോർ എന്നിവ മാറ്റി സ്ഥാപിച്ചും, ജല ലഭ്യത ഉള്ള വിതരണ പൈപ്പുകൾ ജലലഭ്യത കുറഞ്ഞ പ്രദേശവുമായി ബന്ധിപ്പിച്ചും ശുദ്ധീകരണശാലയുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും സമ്പൂർണ്ണ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജല ജീവൻ പദ്ധതിയുടെ ഭാഗമായി പരമാവധി ഗാർഹിക കണക്ഷനുകൾ നൽകുന്നതിനും വിശദമായ ഭൂജലപര്യവേഷണം നടത്തി അനുയോജ്യമായ ജലസ്രോതസ്സുകൾ കണ്ടെത്തി ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കി ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. 2024 ഓടു കൂടി ജലജീവൻ മിഷൻ പദ്ധതി വഴി സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ കുടുംബങ്ങളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ജലവിഭവ വകുപ്പ് ഒരുക്കുന്ന കൺസ്യൂമർ പോർട്ടൽ വഴി എന്തെല്ലാം സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുമെന്ന് വിശദമാക്കാമോ? | (ബി) | ഉപഭോക്തൃ ജല ഉപഭോഗ വിവരങ്ങൾ, വ്യക്തിഗതവും ലെഡ്ജർ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ, ജലവിതരണ പദ്ധതികൾ ഉൾപ്പെടെയുള്ള ഉപഭോക്തൃ പ്രൊഫൈൽ, ബിൽ പേയ്മെന്റ് വിശദാംശങ്ങൾ, ഉപഭോക്തൃ വാട്ടർ മീറ്റർ റീഡിംഗ് ചേർക്കൽ, ഓൺലൈനായി പണമടയ്ക്കാനുള്ള ബിൽ പെയ്മെന്റ് ഓപ്ഷൻ(Pay Now) തുടങ്ങിയവയാണ് കൺസ്യൂമർ പോർട്ടൽ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ. |

സെക്ഷൻ ഓഫീസർ